## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1045 — 30/10/2019-ലെ മറുപടി

## കേരള വാട്ടർ അതോറിറ്റിയുടെ ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ് | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള പ്രധാന കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ: | (എ) വർഷങ്ങളായി കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിച്ചു വരുന്നത്. സർക്കാരിൽനിന്നും നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധി വരെ സഹായകമാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികളുടെ ചെലവ്, വൈദ്യുതി ചെലവ്, റീയിംബേഴ്സ്മെൻ്റ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്ക് ആനുപാതികമായി കുടിവെള്ളക്കരത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ല. ഇതിനു പുറമെ 01/10/2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ വെള്ളക്കരനിരക്കിൽ പ്രതിമാസം 15 കി.ലി. വരെ ഉപയോഗിക്കുന്ന ഉപഭോക്താവിനെ വർദ്ധനവ് വിലയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇവ വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമാകുന്നു.<br>ജലവിതരണ ശൃംഖലയിലെ പൈപ്പുകളുടെ ചോർച്ച വാട്ടർ അതോറിട്ടിയ്ക്ക് വിതരണ നഷ്ടം ഉണ്ടാക്കുന്നു.<br>കേരള വാട്ടർ അതോറിട്ടി സ്ഥാപിതമായതിനു ശേഷം ഏകദേശം ആയിരത്തി ഒരുന്നൂറോളം സ്കീമുകൾ പൂർത്തീകരിക്കുകയും അതുവഴി ജനങ്ങൾക്ക് ശുദ്ധജലം നൽകുകയും ചെയ്യുന്നു. എന്നാൽ സ്കീമുകളുടെയും ഉപഭോക്താക്കളുടെയും എണ്ണം വർദ്ധിച്ചതിനനുസരിച്ച് ജീവനക്കാരുടെ അംഗീകൃത തസ്തികൾക്ക് വർദ്ധനവ് ഉണ്ടായിട്ടില്ല. ഇത് ഒരു പരിധി വരെ അതോറിട്ടിയുടെ പ്രവർത്തനക്ഷമതയെ ബാധിക്കുന്നുണ്ട്. |

| | | |
|---|---|---|
| | | പദ്ധതി നടത്തിപ്പിനുള്ള കേന്ദ്രസഹായത്തിൽ 2014-15 സാമ്പത്തിക വർഷം മുതൽ സാരമായ കുറവുണ്ടായി. ഇത് പദ്ധതി നടത്തിപ്പിനെ ബാധിച്ചു.<br>വർഷംതോറും ഉണ്ടാകുന്ന വരൾച്ച ഡാമുകളുടെ ജലനിരപ്പിനെയും മറ്റു ജല സ്രോതസ്സുകളെയും ബാധിക്കുന്നുണ്ട്. ഇത് വാട്ടർ അതോറിട്ടിയുടെ കുടിവെള്ള പദ്ധതികളുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. |
| (ബി) | നിലവിൽ പ്രതിവർഷ വരുമാനവും ചെലവും തമ്മിലുള്ള അന്തരം എത്രയാണ്; വരുമാന വർദ്ധനവ് ഉണ്ടാക്കി വാട്ടർ അതോറിറ്റിയെ കടക്കെണിയിൽ നിന്നും രക്ഷിക്കുന്നതിന് ആവിഷ്കരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) 2019-20 സാമ്പത്തിക വർഷം 363.49 കോടി രൂപയാണ് വാർഷിക കമ്മിയായി കണക്കാക്കിയിരിക്കുന്നത്. വരുമാനത്തിലുള്ള കമ്മി നികത്തുവാനായി എല്ലാ വർഷവും പുതിയ 2 ലക്ഷം വാട്ടർ കണക്ഷനുകൾ നൽകുവാനാണ് വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരുന്നത്. നടപ്പുവർഷം ഇത് മൂന്ന് ലക്ഷം കണക്ഷനുകൾ എന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തിക്കുന്നത്. ഇതുവഴി വരുമാന വർദ്ധനവ് ഉദ്ദേശിക്കുന്നു. വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കി ഉപഭോക്താക്കൾക്ക് തവണ വ്യവസ്ഥകൾ നൽകിയും വരുമാനം വർദ്ധിപ്പിക്കുന്നുണ്ട്.<br>പൈപ്പുകളുടെ ചോർച്ച പരിഹരിക്കുന്നതിനും ജലവിതരണശൃംഖല പുനരുദ്ധരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ കാലഹരണപ്പെട്ട ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനു വേണ്ടി കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ എന്നിങ്ങനെ വിവിധ സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയുടെ ശാക്തീകരണത്തിന്റെ ഭാഗമായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (ബാംഗ്ലൂർ) നൽകിയ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇതുമൂലം വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; | (സി) വാട്ടർ അതോറിറ്റിയുടെ സ്ഥാപനശാക്തീകരണത്തിന്റെ ഭാഗമായി പ്രോസസ്സ് റീ-എൻജിനീയറിംഗും ഫിനാൻഷ്യൽ റീ-എൻജിനീയറിംഗും നടപ്പിലാക്കണമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ബാംഗ്ലൂർ സമർപ്പിച്ച റിപ്പോർട്ടിൽ ശുപാർശ ചെയ്തിരുന്നു. |

പ്രസ്തുത റിപ്പോർട്ട് സ്ഥാപന ശാക്തീകരണത്തിനായി വാട്ടർ അതോറിറ്റിയിൽ രൂപീകരിച്ച കമ്മിറ്റി വിലയിരുത്തുകയും താഴെപ്പറയുന്ന പ്രവൃത്തികൾ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കുകയും ചെയ്തു.

1. പദ്ധതികൾ നടപ്പിലാക്കുന്നത് പൂർണ്ണമായും പ്രോജക്ട് ഡിവിഷനുകളുടെ കീഴിലാക്കി. ഇതിനായി 16 പ്രോജക്ട് ഡിവിഷനുകൾ രൂപീകരിച്ചു. ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി അതോറിറ്റി നടപ്പാക്കുന്ന എല്ലാ മേജർ പദ്ധതികളും ഈ 16 പ്രോജക്ട് ഡിവിഷനുകളുടെ പരിധിയിലാക്കുകയും ചെയ്തു.

2. ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി പൗരാവകാശരേഖ പ്രസിദ്ധീകരിച്ചു.

3. വാട്ടർ അതോറിറ്റിയുടെ പരിഷ്കരിച്ച വെബ്സൈറ്റ് തുറന്നു.

4. ഉപഭോക്തൃ സേവനത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി.

5. പൊതുജനങ്ങൾക്കും ഉപഭോക്താക്കൾക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനായി എല്ലാ സബ് ഡിവിഷനുകളിലും ഹെൽപ് ഡസ്കുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു

6. അറ്റകുറ്റ പണികളുടെ കാലതാമസം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം നടപ്പിലാക്കി. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

7. വാട്ടർ അതോറിറ്റിയുടെ എല്ലാ ജില്ലകളിലേയും ആസ്തികൾ തിട്ടപ്പെടുത്തി മാപ്പിംഗ് നടത്തി കമ്പ്യൂട്ടറിലാക്കാനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു.

8. ജലഅതോറിറ്റി ഓഫീസുകൾ കമ്പ്യൂട്ടർ ശൃംഖല വഴി ബന്ധിപ്പിക്കുന്ന നെറ്റ് വർക്ക് നടപ്പിലാക്കി. കേന്ദ്രീകൃത ബില്ലിംഗും (അബാക്കസ്സ്), ഇ-പേയ്മെൻറ് സംവിധാനവും, കംപ്ലെയിൻറ് റിഡ്രസ്സൽ സിസ്റ്റവും, ഇ-ടെണ്ടറിംഗും നടപ്പിലാക്കി.

| | | | |
|---|---|---|---|
| (ഡി) | കുപ്പിവെള്ളം ഉൾപ്പെടെയുള്ള പുതിയ വിപണന മേഖലയിലേക്ക് കടന്ന് സ്ഥാപനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ ഭാഗമായുള്ള അരുവിക്കരയിലെ കുപ്പിവെള്ള പ്ലാന്റിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പ്രസ്തുത പദ്ധതി ഈ സാമ്പത്തിക വർഷം തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ